**K22P 1358**

Reg. No.: ..............................

Name : ..................................

**III Semester M.A. Degree (CBSS – Reg./Sup./Imp.) Examination, October 2022**
**(2019 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 3C09 : Western Literary Theories**

Time : 3 Hours Max. Marks : 80

**രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(5×4=20)**

1. പ്ലേറ്റോയുടെ കലാസിദ്ധാന്തങ്ങളിൽ ആശയങ്ങൾക്കുള്ള പ്രസക്തി എന്ത് ?

2. എസ്സേ ഓൺ ക്രിറ്റിസിസം എന്ന കൃതിയിലൂടെ അലക്സാണ്ടർ പോപ്പ്, സാഹിത്യ നിരൂപണത്തിന്റെ ഏതെല്ലാം പ്രത്യേകതകൾ പങ്കുവയ്ക്കുന്നു ?

3. ടോൾസ്റ്റോയിയുടെ ലാവണ്യ ദർശനത്തിൽ ധർമ്മബോധത്തിന് എന്തുമാത്രം പ്രാധാന്യമുണ്ട് ? ചർച്ച ചെയ്യുക.

4. മാർക്സിസത്തിന്റെ പ്രപഞ്ച വീക്ഷണം ഭൗതികമാണെന്ന് പറയാൻ കാരണമെന്ത് ?

5. ശൈലി വിജ്ഞാനീയം : കുറിപ്പ് എഴുതുക.

**നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(5×6=30)**

6. എ) ട്രാജഡിയിലെ മുഖ്യ കഥാപാത്രത്തിന്റെ സവിശേഷതകൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

ബി) സൂചകവും സൂചിതവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ചിഹ്നങ്ങളെ എത്രയായി തിരിക്കാം ? വിശദീകരിക്കുക.

7. എ) മിഖായേൽ ബക്തിൻ അവതരിപ്പിക്കുന്ന കാർണിവൽ സിദ്ധാന്തത്തെക്കുറിച്ച് കുറിപ്പെഴുതുക.

**അല്ലെങ്കിൽ**

ബി) പഴഞ്ചൻ സാഹിത്യ നിയമങ്ങളുടെ മജിസ്ട്രേറ്റ് ആയി ഡോ. ജോൺസനെ കണക്കാക്കാൻ ആകുമോ ? ചർച്ച ചെയ്യുക.

P.T.O.



8. എ) എഴുത്ത്/ഭാഷണം എന്നീ യുഗ്മത്തെ ദറീദ വിശാലാർത്ഥത്തിൽ നിരീക്ഷിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

ബി) "ഭാഷയിൽ മാത്രം ഒതുങ്ങുന്നതല്ല, ലകാന്റെ തത്വചിന്ത". സമർത്ഥിക്കുക.

9. എ) കാവ്യ നിരൂപണത്തെ സംബന്ധിച്ച് കോളറിഡ്ജിന്റെ പ്രധാന നിഗമനങ്ങൾ ഏവ ? വിശദീകരിക്കുക.

**അല്ലെങ്കിൽ**

ബി) ഫൂക്കോയുടെ രചനകൾ ഭൗതിക പരിസരങ്ങളുടെ സൃഷ്ടികളാണ്. നവ ചരിത്ര വാദവുമായി ഈ ചിന്തകൾ കൂടിക്കലരുന്നുണ്ടോ ?

10. എ) 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ രൂപപ്പെട്ടു വന്ന സ്ത്രീവാദ വീക്ഷണങ്ങളുടെ പ്രസക്തിയെന്ത് ?

**അല്ലെങ്കിൽ**

ബി) ഇദ്, ഈഗോ, സൂപ്പർ ഈഗോ എന്നിവയെ മുൻ നിർത്തി ഫ്രോയ്ഡ് രൂപപ്പെടുത്തുന്ന ചിന്തകൾ എന്തെല്ലാം ?

**ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(3×10=30)**

11. എ) ലോംഗിനസ്സിന്റെ ഉദാത്തതാ സിദ്ധാന്തത്തിന്റെ സവിശേഷതകൾ ഏവ ?

**അല്ലെങ്കിൽ**

ബി) ഷെല്ലി കവിതയെക്കുറിച്ച് നടത്തിയ പരിചിന്തനങ്ങൾ എന്തെല്ലാം ?

12. എ) ക്രോച്ചേയുടെ അന്തർദർശന സിദ്ധാന്തം ജ്ഞാന ദർശനത്തിന് നൽകുന്ന പുതിയ മാനങ്ങൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

ബി) പാരമ്പര്യത്തെക്കുറിച്ച് ടി. എസ്. എലിയട്ടിന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാം ?

13. എ) പാശ്ചാത്യസാഹിത്യത്തിൽ കാല്പനിക നിരൂപണത്തിന്റെ പ്രധാന സംഭാവനകൾ ക്രോഡീകരിക്കുക.

**അല്ലെങ്കിൽ**

ബി) അസ്തിത്വവാദം, ദാദായിസം, സറിയലിസം, ഇമേജിസം തുടങ്ങിയ വിമർശന പദ്ധതികൾ ആധുനിക നിരൂപണത്തെ സ്വാധീനിച്ചതെങ്ങനെ ?